**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്തരവാദിത്ത വിനോദസഞ്ചാര മിഷന്റെ ഭാഗമായി അഞ്ഞൂറ് പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുകയെന്ന ബൃഹദ് പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഒരു ടൂറിസം കേന്ദ്രം എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഈ സാമ്പത്തിക വർഷത്തെ ഒരു പ്രധാന അജണ്ട ആയ അഗ്രി ടൂറിസം നെറ്റ്‌വർക്ക് എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. അഗ്രി ടൂറിസം നെറ്റ്‌വർക്കിലൂടെ ഘട്ടം ഘട്ടമായി കുറഞ്ഞത് 500 ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ ഇതിനോടകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൈക്രോ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രാദേശിക സമൂഹത്തെ പ്രത്യക്ഷമായും പരോക്ഷമായും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ടൂറിസം മേഖലക്ക് ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്ന തരത്തിൽ പ്രദേശവാസികളെ പര്യാപ്തമാക്കുന്നതിനു ആവശ്യമായ വിവിധ പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം, പേപ്പർ ബാഗ്, തുണി സഞ്ചി, പേപ്പർ/ ബാംബൂ സ്ട്രോ, പേപ്പർ/വിത്ത് പേന എന്നിങ്ങനെ വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം, പ്രാദേശികമായി കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവർക്കുള്ള പരിശീലനം, വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം എന്നിവയും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. വിനോദ സഞ്ചാരികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രാദേശികമായി താമസം, ഭക്ഷണം എന്നിവ നൽകുവാൻ താൽപ്പര്യമുള്ളവർക്കുള്ള പരിശീലനം എന്നിവയും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ടൂറിസം മേഖലയുമായി സഹകരിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു കൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ് ഫോമുകളിൽ രജിസ്റ്റർ ചെയ്യുന്നു. ഈ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസ്റ്റുകൾക്കും, ടൂറിസം വ്യവസായികൾക്കും, പൊതു സമൂഹത്തിനും പ്രാദേശിക സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതാണ്. |
| (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയുള്ള ടൂർ പാക്കേജുകളെകുറിച്ചും ടൂർ പാക്കേജുകൾ ആരംഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ തരത്തിലുള്ള അനുഭവവേദ്യ ടൂറിസം പാക്കേജുകൾ നേരിട്ട് നടത്തി വരുന്നുണ്ട്. ഇതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ടീം പ്രാദേശികമായ ആകർഷണങ്ങൾ, ഗ്രാമീണ ഉപജീവനോപാധികൾ, പ്രാദേശിക ഭക്ഷണം, വിവിധ തരത്തിലുള്ള പ്രാദേശിക യാത്രാ മാർഗ്ഗങ്ങൾ, ഉത്സവങ്ങൾ, കലാപ്രവർത്തനങ്ങൾ എന്നിവയെല്ലാം കണ്ടെത്തി ഇവയെ വിവിധ തരത്തിൽ കോർത്തിണക്കിക്കൊണ്ട് വിനോദസഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ തയ്യാറാക്കുന്നു. ഈ പാക്കേജുകൾ നടത്തുന്നതിന് കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്ക് പരിശീലനം നൽകുന്നു. ഈ പാക്കേജുകളെ മിഷൻ നേരിട്ട് വിവിധ തരത്തിൽ മാർക്കറ്റ് ചെയ്യുന്നു. പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ് ഫോം വഴി ബുക്ക് ചെയ്യാവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ പാക്കേജിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരെല്ലാം മിഷനിൽ യൂണിറ്റായി രജിസ്റ്റർ ചെയ്തു പരിശീലനം ലഭിച്ചിട്ടുള്ളവരായിരിക്കും. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാക്കേജുകൾ എല്ലാം മിഷൻ നേരിട്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ